**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഡി-ഡാഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അമിതമായ മൊബൈൽ ഫോൺ ഉപയോഗം, ഓൺലൈൻ ഗെയിം ആസക്തി എന്നിവ മൂലം ഉണ്ടാകുന്ന സ്വഭാവ വൈകല്യങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ് അമിത ഉപയോഗം കണ്ടുപിടിക്കുന്നതിനായി ഡിജിറ്റൽ അഡിക്ഷൻ മേഖലയിലെ മന:ശാസ്ത്ര വിദഗ്ദ്ധരുടെ സഹായത്തോടെ കുട്ടികളിലെ മൊബൈൽ അഡിക്ഷൻ ലെവൽ മനസ്സിലാക്കി അതിനനുസരിച്ച് മൊബൈൽ ഫോണിന്റെ/ ഇന്റർ നെറ്റിന്റെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളിൽ നിന്നും കുട്ടികളെ രക്ഷിക്കുന്നതിന് ആവശ്യമായ കൗൺസലിംഗ് നൽകുന്നതിനും ഇവ നിയന്ത്രിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി കേരളാ പോലീസിന്റെ സോഷ്യൽ പോലിസിംഗ് ഡിവിഷന് കീഴിൽ D-DAD (Digital De-addiction Centre) ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കുട്ടികളിലെ ഡിജിറ്റൽ ആസക്തി മാറ്റാനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കാനും കേരള പോലീസ് ഡി-ഡാഡ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 14.09.2022 ലെ സ. ഉ. (സാധാ) നം. 2541/ 2022/ ആഭ്യ. പ്രകാരം കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡിവിഷൻ D-DAD (Digital De-addiction Centre) ആരംഭിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം കണ്ടുപിടിക്കുന്നതിനായി മനശ്ശാസ്ത്ര വിദഗ്ദ്ധർ തയ്യാറാക്കിയ ഇന്റർനെറ്റ് അഡിക്ഷൻ ടെസ്റ്റ് (IAT) മുഖേന അസ്സസ്സ്മെന്റ് നടത്തി കുട്ടികളിലെ മൊബൈൽ അഡിക്ഷൻ ലെവൽ മനസ്സിലാക്കി മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്. സ്മാർട്ട്ഫോൺ അഡിക്ഷൻ ടെസ്റ്റ്, വെൽനെസ്സ് ആക്ടിവിറ്റി പോലെയുള്ള കാര്യങ്ങളും ഡി-ഡാഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സ്കൂൾ തലത്തിൽ (NSS, SPC ക്യാമ്പുകൾ ഉൾപ്പെടെ) നിരവധി വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും മൊബൈൽ |

| | | | |
|---|---|---|---|
| | | | ഇന്റർനെറ്റ് അമിത ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സ്കൂൾ കൗൺസിലർമാർക്കും രക്ഷിതാക്കൾക്കും സാമൂഹിക തലത്തിൽ റെസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, ലൈബ്രേറിയൻമാർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കും ബോധവത്ക്കരണ ക്ലാസ്സ്, ഡിജിറ്റൽ ദുരുപയോഗങ്ങൾ തടയുന്നതിനായി ഡി-സേഫ് ബോക്സ്, ഡിജിറ്റൽ അവേർനെസ്സ് ക്ലാസ്സുകൾ, സൈബർ വീക്ക് തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുട്ടികളിൽ സ്ക്രീൻ ടൈം കുറക്കുന്നതിനായി പ്രത്യേകിച്ചും രാത്രി സമയങ്ങളിൽ 8 മണിക്കു ശേഷം പാഠ്യവിഷയങ്ങൾ ഓൺലൈൻ വഴി ഷെയർ ചെയ്യാതിരിക്കാനും കുട്ടികളിലെ മാനസികാരോഗ്യം നിലനിർത്തുവാനും അധ്യാപകർക്കും, ഐ.ടി. കോർഡിനേറ്റർമാരായിട്ടുള്ള അദ്ധ്യാപകർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. കുട്ടികളിലെ പഠന പ്രശ്നങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾക്കായി വിഷയ വിദഗ്ധരായ സൈക്കോളജിസ്റ്റുമാരെയും ഡി-സേഫ് മാസ്റ്റർ ട്രെയിനർമാരെയും സൈബർ ഉദ്യോഗസ്ഥരെയും നിയമ വിദഗ്ധരെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ എവിടെയെല്ലാമാണ് ഡി-ഡാഡ് സെന്ററുകൾ പ്രവർത്തിക്കുന്നത്; എല്ലാ ജില്ലകളിലും ഡി-ഡാഡ് സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നീ 6 പോലീസ് ജില്ലകളിൽ D-DAD സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും D-DAD സെന്ററുകൾ തുടങ്ങുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ